കേരള സർക്കാർ

നം.110/ജെ2/17/പൊവിവ തിരുവനന്തപുരം, തീയതി 15-12-17

**സർക്കുലർ**

വിഷയം:- പൊവിവ- തസ്തിക നിർണ്ണയം 2016-17-നിയമനാംഗീകാരം- സ്പഷ്ടീകരണം - സംബന്ധിച്ച്.

സൂചന:- (1) സ.ഉ (എം.എസ്) നം. 149/2017/പൊ.വി.വ തീയതി 22/11/2017

(2) പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 07/12/2017 തീയതിയിലെ എച്ച്2/81000/2017/ഡിപിഐ നമ്പർ കത്ത്.

പരാമർശം (1) ലെ ഉത്തരവ് പ്രകാരം 2016-17 വർഷത്തെ തസ്തിക നിർണ്ണയം 15/12/17 നകം പൂർത്തിയാക്കണമെന്ന് നിർദ്ദേശം നല്കിയിരുന്നു. സൂചന കത്ത് പ്രകാരം നിയമനാംഗീകാരം സംബന്ധിച്ചും മറ്റും കൂടുതൽ വ്യക്തത വേണമെന്ന് ഡി.പി.ഐ ആവശ്യപ്പെട്ടത് പരിശോധിക്കുകയും ചുവടെ പറയുന്ന സ്പഷ്ടീകരണങ്ങൾ നൽകുകയും ചെയ്യുന്നു.

1. 05.08.16 ലെ സ.ഉ.(പി) നം. 134/2016/പൊ.വി.വ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 2015-16 വർഷത്തെ തസ്തിക നിർണ്ണയം തന്നെ 2016-17 വർഷത്തിലും തുടരുകയാണുണ്ടായത്. ഈ സാഹചര്യത്തിൽ 2015-16 ലെ തസ്തികനിർണ്ണയത്തിൽ തസ്തികയോടെ തുടർന്നവരും, എന്നാൽ ഇപ്പോൾ നടത്തുന്ന 2016-17 വർഷത്തെ തസ്തികനിർണ്ണയത്തിലൂടെ പുറത്താകുന്നതുമായ നിയമനാംഗീകാരമുള്ള എല്ലാ അധ്യാപക-അനധ്യാപകരും (സംരക്ഷണത്തിന് അർഹതയുള്ളവരും ഇല്ലാത്തവരും) 14/07/2017 വരെ സർവ്വീസിൽ തുടർന്നത് സാധൂകരിച്ച് നൽകാവുന്നതാണ്. എന്നാൽ, ഈ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ 2016-17 -ൽ തസ്തിക ലഭ്യമല്ലാതെ പുതിയ നിയമനാംഗീകാരങ്ങൾ നൽകാൻ പാടില്ല.

2. 2015-16 -ൽ അനുവദിക്കപ്പെട്ട തസ്തികയിൽ തുടർന്നവർക്ക് 2016-17 വർഷത്തെ തസ്തിക നിർണയത്തിൽ തസ്തിക നഷ്ടമായിട്ടുണ്ടെങ്കിലും, 2017-18 വർഷം തസ്തിക ഉണ്ടെങ്കിൽ അവ 2017-18-ൽ അധിക തസ്തികകളായി കണക്കാക്കേണ്ടതില്ല.

3. 03.12.2016 ലെ സ. ഉ(പി) നം. 199/2016/പൊ.വി.വ ഉത്തരവ് പ്രകാരം സംരക്ഷിത ജീവനക്കാരെ നിയമിക്കാൻ മാനേജർ തയ്യാറായാൽ അത്തരം വിദ്യാലയങ്ങളിൽ 2018 ജനുവരി മാസത്തിൽ തന്നെ സംരക്ഷിത ജീവനക്കാരെ പുനർവിന്യസിച്ചുകൊണ്ട് അവിടെ മാനേജർ നടത്തിയിരിക്കുന്ന നിയമനങ്ങൾക്ക് അവരുടെ നിയമനത്തീയതി മുതൽ തന്നെ അംഗീകാരം നൽകാവുന്നതാണ്. സംരക്ഷിതാധ്യാപകർക്ക് നീക്കി വെച്ചിട്ടുള്ള തസ്തികകൾ

ഒഴികെ നിയമനം നൽകിയിട്ടുള്ളവരുടെ നിയമനവും അംഗീകരിക്കാം.

എച്ച്. നജീബ്

ജോയിന്റ് സെക്രട്ടറി

സ്വീകർത്താക്കൾ :

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും, ജില്ലാ / ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും (പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.റ്റി @ സ്കൂൾ, തിരുവനന്തപുരം (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

പബ്ലിക്ക് റിലേഷൻസ് (വെബ് & ന്യൂമീഡിയ) വകുപ്പ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്).

കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

(ഒപ്പ്)

സെക്ഷൻ ഓഫീസർ

പൊ.വി. കത്ത് നമ്പർ എച്ച്2/81000/17/ഡി.പി.ഐ തീയതി 15-12-17

പകർപ്പ് എല്ലാ DDE, DEO, AEO മാരുടെയും അടിയന്തര ശ്രദ്ധയ്ക്കും തുടർനടപടികൾക്കുമായി അയക്കുന്നു. സർക്കുലറിലെ നിർദ്ദേശപ്രകാരമുള്ള വിവരങ്ങൾ തസ്തിക നിർണയ ഉത്തരവിൽ രേഖപ്പെടുത്തേണ്ടതാണ്.

(ഒപ്പ്)

പൊ.വി. ഡയറക്ടർക്കു വേണ്ടി

സ്വീകർത്താക്കൾ

1) എല്ലാ DDE, DEO, AEO മാർക്കും
2) സൂപ്പർ ചെക്ക് സെൽ ഓഫീസർ (തിരുവനന്തപുരം, കോഴിക്കോട്)

പകർപ്പ്

1) വൈസ് ചെയർമാൻ & എക്സി. ഡയറക്ടർ, KITE, പൂജപ്പുര (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
2) ഡയറക്ടറേറ്റിലെ G, F, E.T, E.M, EC, RA സൂപ്രണ്ടുമാർക്കും യൂണിറ്റ് ഓഫീസർമാർക്കും.